നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ 2008-09, 2009-10 എന്നീ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

149 (2249) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ 2008-09, 2009-10 എന്നീ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പണി പൂർത്തിയാക്കിയിട്ടുള്ളവ ഏതൊക്കെയാണെന്നും ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അറിയിക്കുമോ ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഇനിയും പണി ആരംഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിനുള്ള കാരണമെന്താണെന്നും വിശദമാക്കുമോ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

നെടുമങ്ങാട് - മണനാക്ക് റോഡ് നവീകരണം

150 (2250) ശ്രീ. ആനത്തലവട്ടം ആനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട്-വെഞ്ഞാറമൂട്-ആറ്റിങ്ങൽ-മണനാക്ക് റോഡ് എൻ.എച്ച്.ന്റെ സി.ആർ.എഫ്-ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ നിർമ്മാണം അന്താരാഷ്ട്ര നിലവാരത്തിലാണോ നടത്താൻ ഉദ്ദേശിക്കുന്നത് ; വെളിപ്പെടുത്തുമോ ;

(സി) ഇതിനുവേണ്ടി എത്ര ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ഡി) ഇതിന്റെ നിർമ്മാണം തുടങ്ങുന്നതിന് കാലതാമസം വരുന്നതിന് കാരണമെന്താണ് ; വ്യക്തമാക്കുമോ ;

(ഇ) എത്ര നാളിനകം നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉൾപ്പെടുത്തിയിട്ടുണ്ട്

(ബി) 50 എം.എം.ബി.സി.യും 25 എം.എം ബി.സി. യും ചെയ്തു 36 കിലോമീറ്റർ റോഡ് 6 മീറ്റർ വീതിയിൽ പുനരുദ്ധരിച്ച് ബലപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) 15.01 കോടി രൂപയുടെ എസ്റ്റിമേറ്റാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്.

(ഡി&ഇ) കേന്ദ്രസർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കാവുന്നതാണ്.

കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ

151 (2251) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07, 2007-08, 2009-10, 2010-11 സാമ്പത്തിക വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോന്നിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാം ;

(സി) നിർമ്മാണം നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാം ആണെന്നും അവ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(ഡി) നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ ഏതെല്ലാം ആണെന്നും ആരംഭിക്കാത്തതിന്റെ കാരണമെന്താണെന്നും അവഎന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) അനുബന്ധം എ ആയി ചേർത്തിരിക്കുന്നു.*

(ഡി) അനുബന്ധം ബി ആയി ചേർത്തിരിക്കുന്നു. *

ചേന്നയ്ക്കൽ - കുത്താട്ടുകുളം റോഡിന്റെ 3-ാം ഘട്ട നിർമ്മാണം

152 (2252) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി പി.ഡബ്ല്യു.ഡി. സബ്ഡിവിഷൻ കീഴിലെ ചേന്നക്കൽ കുത്താട്ടുകുളം റോഡിന്റെ 3-ാം ഘട്ട നിർമ്മാണം എന്നാണ് ടെണ്ടർ ചെയ്തത് ; ആരാണ് ടെണ്ടർ എടുത്തിട്ടുള്ളത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly